LIBRARY ARCHIVES Kerala Legislative Assembly

(സി) തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ വികസനപദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹു. മുഖ്യമന്ത്രി ചെയർമാനായുള്ള അഡ്വൈസറി ബോർഡും ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാൻ ആയുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്.

**വെസ്റ്റ് എളേരി വനിതാ ഐ.ടി.ഐ.**

190(667) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഭീമനടിയിൽ പ്രവർത്തിക്കുന്ന വെസ്റ്റ് എളേരി വനിതാ ഐ.ടി.ഐ., ജനറൽ ഐ.ടി.ഐ. ആക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ;

(ബി) മലയോര കുടിയേറ്റ മേഖലയിൽപ്പെട്ട ഈ പ്രദേശത്തെ ആൺ കുട്ടികൾക്കും ഐ.ടി.ഐ-ൽ ചേർന്നു പഠിക്കാൻ കഴിയുന്ന തരത്തിൽ നവീന കോഴ്സുകൾ ഉൾപ്പെടുത്തി ജനറൽ ഐ.ടി.ഐ.-ആയി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**വാമനപുരം നിയോജകമണ്ഡലത്തിലെ ഐ.ടി.ഐ.**

191(668) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഏതെങ്കിലും ഐ.റ്റി.ഐ.-കളോ മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വാമനപുരം പഞ്ചായത്തിൽ ഐ.റ്റി.ഐ. സ്ഥാപിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇവിടെ ഐ.റ്റി.ഐ. ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ വാമനപുരം നിയോജക മണ്ഡലത്തിൽ ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ പോളിടെക്നിക്കിന്റെ ഭാഗമായ ഒരു ഫാഷൻ ഡിസൈൻ സെന്റർ പ്രവർത്തിക്കുന്നുണ്ട്.

(ബി) വാമനപുരം നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ. സ്ഥാപിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

**മണലൂരിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.**

192(669) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂരിൽ പ്രവർത്തിക്കുന്ന ഐ. ടി. ഐ.-യിൽ നിലവിലുള്ള ട്രേഡുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; പുതിയ ട്രേഡുകൾ ആരംഭിക്കാൻ നടപടിയുണ്ടോ;

(ബി) പ്രസ്തുത ഐ ടി ഐ യുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ നവീകരണത്തിനും പുതിയ കെട്ടിട നിർമ്മാണത്തിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) മണലൂർ ഐ.ടി.ഐ.-യിൽ നിലവിൽ എം.എം.വി (2 യൂണിറ്റ്), ഡി/സിവിൽ (2 യൂണിറ്റ്) ട്രേഡുകൾ ഉണ്ട്. നിലവിലുള്ള ട്രേഡുകൾക്ക് ആവശ്യമായ ഭൗതീക സാഹചര്യങ്ങൾ ഒരുക്കിയതിനുശേഷം പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) മണലൂർ ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനുവേണ്ടി 2013-14 സാമ്പത്തിക വർഷം 130 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു.